LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം മേഖല നേരിടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി

3 [166] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മുതൽ തെക്കോട്ടുള്ള ടൂറിസം മേഖല നേരിടുന്ന രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്: വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ ദിശയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോവളം മുതൽ തെക്കോട്ടുള്ള മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. ഈ പ്രദേശങ്ങളുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് ടി ഏജൻസികൾ ആയതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് ടൂറിസം വകുപ്പിനെ സമീപിക്കുന്നപക്ഷം ധനസഹായം നൽകുന്ന കാര്യം വകുപ്പ് പരിശോധിക്കുന്നതാണ്.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

ഉല്ലാസയാത്രാ ബോട്ടുകളിലെ സ്രാങ്കുമാർക്ക് എം.എം.സി. ലൈസൻസ്

4 [167] ശ്രീ. എ. പി. അനിൽ കുമാർ:
" എം. കെ. പോൾസൺ മാസ്റ്റർ:
" വി. ഡി. സതീശൻ:
" എം. മുരളി:
" എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വിനോദ സഞ്ചാരികളുമായി കായൽ യാത്ര നടത്തിയ എത്ര ബോട്ടുകൾ മുങ്ങിയിട്ടുണ്ട്;

(ബി) തൽഫലമായി എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(സി) ഈ ബോട്ടുകളിലെ സ്രാങ്കുമാർ എം.എം.സി. ലൈസൻസ് ഉള്ളവരായിരുന്നുവോ;

(ഡി) കൊച്ചികായലിലെ ഉല്ലാസയാത്രയ്ക്കുള്ള ബോട്ടുകളിൽ എം.എം.സി. ലൈസൻസുള്ള സ്രാങ്കുകളെ മാത്രമെ നിയമിക്കാവൂ എന്നു വ്യവസ്ഥ ചെയ്യുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ ഒരു ബോട്ടു മറിഞ്ഞിട്ടുണ്ട്.

(ബി) മരണം സംഭവിച്ചിട്ടില്ല.

(സി) അല്ല.

(ഡി) പരമ്പരാഗത ബോട്ടു തൊഴിലാളികളാണ് ഈ പണി ചെയ്യുന്നത്. യോഗ്യതാ നിർണ്ണയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. വേണ്ടത്ര പരിചയം ഉള്ള തൊഴിലാളികളെ മാത്രമേ ഈ മേഖലയിൽ നിയമിക്കാവൂ എന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാവുന്നതാണ്.

ഇക്കോ ടൂറിസം പദ്ധതി

5 [168] ശ്രീ. കെ. പി. വിശ്വനാഥൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. പി. ഗംഗാധരൻ:
" കെ. എ. ചന്ദ്രൻ:
" എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്, ഈ സ്ഥലങ്ങളിൽ പരിസ്ഥിതിക്ക് ഭംഗം വരാതിരിക്കുവാനും പരിസ്ഥിതി പരിപോഷിപ്പിക്കുവാനും എന്തെല്ലാം നടപടികളെടുത്തു;

(ബി) തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ജനറേറ്ററുപയോഗിച്ചുള്ള വൈദ്യുതി വിതരണം, ബാറ്ററി ഉപയോഗിച്ചുള്ള മിനിബസ്സ്; എന്നിവ പ്രവർത്തിക്കുന്നുണ്ടോ;

(സി) അവിടെ പുതിയതായി വച്ചുപിടിപ്പിച്ച തണൽ മരങ്ങൾ നശിച്ചുവോ;

(ഡി) മെച്ചപ്പെട്ട പ്ലാനിങ്ങോടുകൂടി ഈ പദ്ധതിക്കാവശ്യമായ പുരോഗതി കൈവരുത്തുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലുള്ള തെന്മലയിൽ ആണ് ആദ്യത്തെ ആസൂത്രിത ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ തേക്കടിയിലും ഇക്കോ ടൂറിസം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ഭംഗം വരാതിരിക്കുവാനും പരിസ്ഥിതി പരിപോഷിപ്പിക്കുവാനും വേണ്ടി Environment Impact Assessment നടത്തിയതിനുശേഷമാണ് തെന്മല ഇക്കോടൂറിസം പദ്ധതി ആരംഭിച്ചിട്ടുള്ളത്.

(ബി) പ്രവർത്തിക്കുന്നുണ്ട്.

(സി) വിവിധ സോണുകളിൽ വച്ചുപിടിച്ച വൃക്ഷങ്ങൾ എല്ലാം വളർന്നു വരുന്നുണ്ട്. എന്നാൽ സമീപത്തുള്ള പൊതു നിരത്തുകളിൽ വച്ചുപിടിപ്പിച്ചവയിൽ കുറച്ചു തൈകൾ കന്നുകാലിശല്യം, റോഡുവികസനം എന്നിവയുടെ ഭാഗമായി നശിച്ചുപോയിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ പുരോഗതിക്കായി എല്ലാ നടപടികളും എടുത്തു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly